നമ്പർ :ICDS/A4/2393/20

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ : directorate.wcd@kerala.gov.in
തീയതി : 30..06..2020

# പരിപത്രം

വിഷയം : വനിത ശിശുവികസന വകുപ്പ് - പ്രോഗ്രാം ഓഫീസർമാരുടേയും ശിശുവികസ പദ്ധതി ഓഫീസർമാരുടേയും മേഖലാതല അവലോകന യോഗം – തുടർനടപടി - സംബന്ധിച്ച്.

സൂചന : 20/2/20, 24/2/20 എന്നീ തീയതികളിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ മേഖലയിൽ കൂടിയ മേഖലാതല അവലോകന യോഗ തീരുമാനം.

ICDS പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി തിരുവനന്തപുരം മേഖലയിൽ ഉൾപ്പെട്ട തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലേയും കോഴിക്കോട് മേഖലയിൽ ഉൾപ്പെട്ട മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലേയും പ്രോഗ്രാം ഓഫീസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർ എന്നിവരുടെ അവലോകന യോഗം 20/2/2021, 24/2/2020 എന്നീ തീയതികളിൽ യഥാക്രമം തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിൽ വച്ച് നടത്തുകയുണ്ടായി. അവലോകന യോഗ തീരുമാന പ്രകാരം ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

1. RRS സോഫ്റ്റ് വെയറിൽ എല്ലാ മാസവും 15-ാം തീയതിക്കകം updation നടത്തേണ്ടതും പ്രോഗ്രാം ഓഫീസർമാർ ജില്ലാതല റിവ്യൂ മീറ്റിംഗിലും ശിശുവികസന പദ്ധതി ഓഫീസർമാർ സൂപ്പർവൈസർ മീറ്റിംഗുകളിലും ടി വിഷയം അജണ്ടയായി നിശ്ചയിച്ച ചർച്ച ചെയ്യേണ്ടതും പുരോഗതി വിലയിരുത്തേണ്ടതുമാണ്.
2. സബ് ഓഫീസുകളിൽ നിന്നും റിപ്പോർട്ടുകൾ ശേഖരിച്ച് ഡയറക്ടറേറ്റ് തലത്തിൽ നടപടി സ്വീകരിക്കുന്നതിന് നിലവിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനായി അങ്കണവാടി തലത്തിലേയും പ്രോജക്ട് തലത്തിലേയും പ്രതിമാസ പുരോഗതി ഇ-

ജീവികയിൽ യഥാസമയം update ചെയ്യേണ്ടതാണ്.

3. 2016-17, 2017-18 എന്നീ വർഷങ്ങളിൽ അങ്കണവാടി upgradation-ന് ഫണ്ട് അനുവദിച്ച അങ്കണവാടി കെട്ടിടങ്ങളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത് പരിശോധിച്ച് 'upgradation' നടക്കാൻ ഒട്ടും സാധ്യതയില്ലാത്ത കെട്ടിടങ്ങളെ ഒഴിവാക്കി ബാക്കിയുള്ള upgradation നടത്തേണ്ടുന്ന കെട്ടിടങ്ങൾക്ക് LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി ബന്ധപ്പെട്ട CDPO മാരും സൂപ്പർവൈസർമാരും സ്വീകരിക്കേണ്ടതാണ്.

4. Smart Anganwadi സംബന്ധിച്ച് എല്ലാ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ ജനപ്രതിനിധികൾക്കും LSGD എഞ്ചിനീയർമാർക്കും അറിവ് നൽകേണ്ടതും അങ്കണവാടി കെട്ടിടങ്ങൾ Smart Anganwadi Plan അനുസരിച്ച് നിർമ്മിക്കുന്നതിനും കെട്ടിടം ശിശുസൗഹൃദമാക്കുന്നതിനും LSGD എഞ്ചിനീയറിംഗ് വിഭാഗവും പഞ്ചായത്ത് പ്രതിനിധികളുമായി കൂട്ടായ ചർച്ച നടത്തേണ്ടതുമാണ്.

5. MGNREGS ഫണ്ടും Plan ഫണ്ടും converge ചെയ്യാൻ കഴിയുമെന്നതിനാൽ സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്ത് വിഹിതത്തിനായി പദ്ധതി തയ്യാറാക്കേണ്ടതും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

6. അങ്കണവാടി കൺസ്ട്രക്ഷൻ, Upgradation എന്നിവ ഏതെല്ലാം അങ്കണവാടികൾക്കാണ് ഭരണാനുമതി നൽകുന്നതെന്നും, ഏത് പദ്ധതി പ്രകാരമാണെന്നും ആയതിന്റെ നിലവിലുള്ള സ്റ്റാറ്റസ് സംബന്ധിച്ചും ഉള്ള ലിസ്റ്റ് എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർ update ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

7. അങ്കണവാടികളിൽ പ്രഭാതഭക്ഷണം നിർബന്ധമാക്കുന്നതിനായി innovative ആയിട്ടുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും Nutrition Menu തയ്യാറാക്കുന്നതിനായി CDPO മാരുടെ experience കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.

8. എല്ലാ മാസവും 15-ാം തീയതിക്ക് മുൻപായി പ്രോജക്ട് പരിധിയിലുള്ള ന്യൂട്രിമിക്സ് യൂണിറ്റുകൾ CDPO / സൂപ്പർവൈസർമാർ മാനദണ്ഡ പ്രകാരം സന്ദർശനം നടത്തേണ്ടതും കണ്ടെത്തുന്ന അപാകതകൾ പ്രോഗ്രാം ഓഫീസർക്കും ജില്ലാതലത്തിൽ പരിഹരിക്കാൻ കഴിയാത്ത അപാകതകൾ ഡയറക്ടറേറ്റിലേക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9. അങ്കണവാടി പ്രദേശത്തെ അനീമിയ ബാധിച്ച കൗമാരപ്രായക്കാരായ പെൺകുട്ടികളെ കണ്ടെത്തി കുട്ടികളുടെ അമ്മമാർക്ക് ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെ അനീമിയ തടയുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും സപ്ലിമെന്റ് നൽകാതെ തന്നെ അനീമിയ മാറ്റുവാനുള്ള പോഷണ മൂല്യമുള്ള ഭക്ഷണത്തെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുവാനും അനീമിയ ക്യാമ്പ് സംഘടിപ്പിക്കുവാനും CDPO മാരും സൂപ്പർവൈസർമാരും തങ്ങളുടെ അനുഭവജ്ഞാനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

10. PMMVY പദ്ധതി സംബന്ധിച്ച് അങ്കണവാടി തലത്തിലും സെക്ടർ തലത്തിലും പ്രോജക്റ്റ് തലത്തിലും രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും രജിസ്റ്ററുകളും അപേക്ഷകളും ആഡിറ്റിംഗിനായി ഹാജരാക്കേണ്ടതുമാണ്.

11. Baby Friendly Toilet നായി അനുവദിച്ച തുക ഉപയോഗിച്ച് നിലവിലുള്ള Toilet കൾ Baby Friendly ആക്കി മാറ്റുന്നതിന് നിർമ്മാണം നടത്തുവാൻ LSGD എഞ്ചിനീയർ വിസമ്മതം രേഖാമൂലം നൽകിയാൽ ടി പ്രവർത്തികൾ 10,000/- രൂപയിൽ താഴെ ആയതിനാലും Store Purchase Rule പാലിക്കേണ്ടതില്ലാത്തതിനാലും നിലവിലുള്ള Toilet -ൽ അത്യാവശ്യം വേണ്ട ഫിറ്റിംഗുകൾ ചെയ്ത് Baby Friendly Toilet ആക്കുന്നതിനുള്ള പ്രവർത്തികൾ സൂപ്പർവൈസർമാർ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കാവുന്നതാണ്.

12. Baby Friendly Toilet നായി പഞ്ചായത്ത് വിഹിതം കൂടി വച്ചിട്ടുള്ള പഞ്ചായത്തുകളിൽ LSGD AE മാർ മുഖേന നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് CDPO മാർകൂടി മുൻകൈ എടുത്ത് പ്രവർത്തിക്കേണ്ടതും പഞ്ചായത്ത് AE മാർ നിർമ്മാണത്തിന് വിസ്സമ്മതിച്ചാൽ ടി വിവരം പ്രോഗ്രാം ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും പ്രോഗ്രാം ഓഫീസർമാർ നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് എടുപ്പിക്കുന്നതിനും നിർമ്മാണം നടത്തുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്.

13. Drinking Water Facility ക്കായി അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വാട്ടർ കണക്ഷൻ ഇല്ലാത്ത അങ്കണവാടികളിൽ പഞ്ചായത്ത് ഫണ്ട് കൂടി ഉൾപ്പെടുത്തി കുടിവെള്ള സൗകര്യം ഒരുക്കേണ്ടതും വാട്ടർ കണക്ഷൻ എടുക്കാൻ ഒട്ടും പറ്റാത്ത സാഹചര്യമുള്ള

അങ്കണവാടികളിൽ Water Purifier എങ്കിലും വാങ്ങി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

14. സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ല വനിത ശിശുവികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

15. ഫീൽഡ് സന്ദർശനം നടത്തുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ qualitative സന്ദർശനത്തിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്. ഓരോ ഉദ്യോഗസ്ഥരും തങ്ങളുടെ മുൻകൂർ യാത്രാപരിപാടി, പ്രവർത്തനറിപ്പോർട്ട് എന്നിവ എല്ലാ മാസവും 10-ാം തിയതിക്ക് മുൻപായി ചുവടെ ചേർത്തിരിക്കും പ്രകാരം മേലുദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.

| ക്രമ നമ്പർ | റിപ്പോർട്ട് സമർപ്പിക്കുന്ന ഉദ്യോഗസ്ഥർ | റിപ്പോർട്ട് സമർപ്പിക്കേണ്ട ഉദ്യോഗസ്ഥർ |
|---|---|---|
| 1. | സൂപ്പർവൈസർ | ശിശു വികസന പദ്ധതി ഓഫീസർ |
| 2. | ശിശു വികസന പദ്ധതി ഓഫീസർ | പ്രോഗ്രാം ഓഫീസർ |
| 3. | പ്രോഗ്രാം ഓഫീസർ | വനിത ശിശുവികസന ഡയറക്ടർ<br>ജില്ലാ വനിത ശിശു വികസന ഓഫീസർ |
| 4. | ജില്ലാ വനിത ശിശു വികസന ഓഫീസർ | വനിത ശിശു വികസന ഡയറക്ടർ |

ശിശു വികസന പദ്ധതി ഓഫീസർമാരുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ പ്രതിമാസം പ്രോഗ്രാം ഓഫീസറും, സൂപ്പർവൈസർമാരുടെ ഫീൽഡ്തല പ്രവർത്തനങ്ങൾ പ്രതിമാസം ശിശു വികസന പദ്ധതി ഓഫീസറും റിവ്യൂ നടത്തേണ്ടതും follow up നടത്തേണ്ടതുമാണ്. സൂപ്പർവൈസർമാരുടെയും, ശിശു വികസന പദ്ധതി ഓഫീസർമാരുടെയും, പ്രോഗ്രാം ഓഫീസർമാരുടെയും ഫീൽഡ്തല പ്രവർത്തനങ്ങൾ മൂന്ന് മാസം കൂടുമ്പോൾ ജില്ലാ വനിത ശിശു വികസന ഓഫീസർ ജില്ലാതല മീറ്റിംഗിൽ ഒരു അജണ്ടയായി നിശ്ചയിച്ച് റിവ്യൂ നടത്തേണ്ടതും follow up നടത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

16. അങ്കണവാടി ഗ്രേഡിംഗ് സംബന്ധിച്ച Google Spread Sheet വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ ക്വാർട്ടറിന്റേയും റിപ്പോർട്ടുകൾ അതാത് ക്വാർട്ടർ അവസാനിച്ച് 7 ദിവസത്തിനകം അപ്ഡേറ്റ് ചെയ്ത് ലഭ്യമാക്കേണ്ടതാണ്.

17. മൂന്ന് അങ്കണവാടികൾ ക്ലബ് ചെയ്യുന്നതിനും രണ്ട് അങ്കണവാടികളും ഒരു അംഗീകൃത ക്രഷും ക്ലബ് ചെയ്യുന്നതിനും ഫീസിബിൾ ആയിട്ടുള്ള പ്രൊപ്പോസലുകൾ മാത്രം ലഭ്യമാക്കേണ്ടതാണ്.

18. രാജീവ്ഗാന്ധി നാഷണൽ ക്രഷുകൾ സൂപ്പർവൈസർ/ സിഡിപിഒ കൃത്യമായ ഇടവേളകളിൽ നിശ്ചയിച്ച് തന്നിട്ടുള്ള മാനദണ്ഡപ്രകാരം സന്ദർശനം നടത്തേണ്ടതാണ്. ക്രഷ് നടത്തുന്ന NGOകളുടെ ഓഫീസ് ഭാരവാഹികളുടെ പേര്, ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി. എന്നിവ എല്ലാ സിഡിപിഒമാരും ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

19. അങ്കണവാടി വർക്കർ/ ഹെൽപ്പർമാരുടെ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുമാണ്.

20. എ.ജി./ ലോക്കൽ ഫണ്ട്/ വകുപ്പുതല ഓഡിറ്റ് പരാമർശങ്ങൾ പെൻഡിംഗ് ഉണ്ടെങ്കിൽ ആയതിന് അടിയന്തിര പ്രാധാന്യം നൽകി തീർപ്പാക്കേണ്ടതാണ്.

21. ഐസിഡിഎസ് പ്രോജക്ട് മീറ്റിംഗുകളിലും സെക്ടർ മീറ്റിംഗുകളിലും ആരോഗ്യവകുപ്പ് ജീവനക്കാരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെട്ട് പ്രോഗ്രാം ഓഫീസർ / CDPO മാർ നടപടി സ്വീകരിക്കേണ്ടതാണ്.

22. സ്വന്തമായി സ്ഥലമുള്ള അങ്കണവാടികളുടെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ വകുപ്പിന്റെയോ പേരിലാണെന്ന് ഉറപ്പുവരുത്തി രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതണ്. ഉടമസ്ഥാവകാശം ഇപ്പോഴും വ്യക്തികളുടെ പേരിലുള്ളതാണെങ്കിൽ ആയത് വകുപ്പ്/ LSGD പേരിലാക്കുന്നതിനുള്ള നടപടി CDPO / സൂപ്പർവൈസർ സ്വീകരിക്കേണ്ടതാണ്.

23. സുരക്ഷിതത്വം ഇല്ലാത്തതും, അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, ടോയ്ലറ്റ് എന്നിവ ഇല്ലാത്തതുമായ അങ്കണവാടികൾ ഉണ്ടെങ്കിൽ ആയത് സുരക്ഷിതമായ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിക്കേണ്ടതാണ്. ആയത് പ്രോഗ്രാം ഓഫീസർ/ സിഡിപിഒമാർ നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

24. National Nutrition Mission വഴി വിതരണം നടത്തിയിട്ടുള്ള Digital weighing machines, Salter scale, Stadio meter, infento meter എന്നിവ റിപ്പയർ ചെയ്യുന്നതിന് പ്രോഗ്രാം ഓഫീസർമാർ SPMU യിൽ ബന്ധപ്പെട്ട് ടെക്നീഷ്യൻമാരുടെ contacts എടുത്ത് ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

25. SAG ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച് വകുപ്പിന്റെ കണക്കും വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള കണക്കും തമ്മിൽ താരതമ്യം ചെയ്ത് പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

BINDU GOPINATH
Assistant Director
Women and Child Development
Department
Thiruvananthapuram

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
3. എല്ലാ സൂപ്പർവൈസർമാർക്കും (സിഡിപിഒ മുഖാന്തിരം)
4. എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും